Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2024/1562 (31) തീയതി : 25.06.2024

## സർക്കുലർ

വിഷയം :- കൈറ്റ് – ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തന പദ്ധതിയും മൂല്യനിർണയ സൂചകങ്ങളും 2024–25 അധ്യയന വർഷം മുതൽ പരിഷ്കരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:–1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018
2. ഈ ഓഫീസിലെ 13.02.2018–ലെ KITE/2018/1515–1(5) നമ്പർ സർക്കുലർ
3. കൈറ്റിന്റെ എല്ലാ മാസ്റ്റർ ട്രെയിനർമാരുടേയും 2024 ഏപ്രിൽ 28, 29, 30 തീയതികളിൽ നടന്ന വാർഷിക ആസൂത്രണ യോഗത്തിന്റെ മിനിറ്റ്സ്

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ സൂചന 1 സർക്കാർ ഉത്തരവിന്റെയും സൂചന 2 പ്രകാരമുള്ള പദ്ധതി രൂപരേഖയുടേയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തന പദ്ധതിയും മൂല്യനിർണയ സൂചകങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് യൂണിറ്റുകളിൽ നിന്ന് ലഭിച്ച നിർദേശങ്ങൾ കൈറ്റിലെ എല്ലാ മാസ്റ്റർ ട്രെയിനർമാരുടേയും വാർഷിക അവലോകന യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2024–25 അധ്യയന വർഷം മുതൽ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പ്രവർത്തന പദ്ധതിയും മൂല്യ നിർണയ സൂചകങ്ങളും പരിഷ്കരിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ യൂണിറ്റുകളും അനുബന്ധമായി ചേർത്തിരിക്കുന്ന കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2. യൂണിറ്റ് അംഗങ്ങൾക്ക് ലഭിക്കുന്ന ക്ലാസുകൾ, ക്യാമ്പുകൾ, അസൈൻമെന്റ്, സാമൂഹ്യമേഖലയിലെ ഇടപെടൽ എന്നിവയ്ക്കു പുറമെ കുട്ടി മൂന്ന് വർഷക്കാലം (ക്ലാസ് 8, 9, 10) ലിറ്റിൽ കൈറ്റ്സുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഡോക്യുമെന്റുകൾ ഡിജിറ്റൽ പോർട്ട് ഫോളിയോ ആയി സൂക്ഷിക്കേണ്ടതും അത് വിലയിരുത്തലിന് വിധേയമാക്കേണ്ടതുമാണ്.

3. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സൂചകങ്ങൾ 2024–25 അധ്യയന വർഷം മുതൽ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പരിഷ്കരിച്ച് നടപ്പാക്കുന്നതാണ്. അതിനാൽ മൂല്യനിർണയ സൂചകങ്ങളും പ്രവർത്തന കലണ്ടറും യൂണിറ്റിലെ എല്ലാ അംഗങ്ങളേയും രക്ഷകർത്താക്കളേയും അറിയിക്കേണ്ടതാണ്.

**<u>മൂല്യനിർണയ സൂചകങ്ങൾ</u>**

| ക്രമ നം. | സൂചകം | സ്കോർ |
|---|---|---|
| 1 | സ്റ്റാൻഡേർഡ് 8 ക്ലാസുകൾ (15 X 5) | 75 |
| 2 | സ്റ്റാൻഡേർഡ് 9 ക്ലാസുകൾ (15 X 5) | 75 |
| 3 | സ്റ്റാൻഡേർഡ് 8 ഡിജിറ്റൽ പോർട്ട് ഫോളിയോ | 25 |
| 4 | സ്റ്റാൻഡേർഡ് 9 ഡിജിറ്റൽ പോർട്ട് ഫോളിയോ | 25 |
| 5 | യൂണിറ്റ് ക്യാമ്പിലെ പങ്കാളിത്തം | 50 |
| 6 | ഉപജില്ലാ ക്യാമ്പിലെ പങ്കാളിത്തം | 10 |
| 7 | ജില്ലാ ക്യാമ്പിലെ പങ്കാളിത്തം | 10 |
| 8 | സംസ്ഥാന ക്യാമ്പിലെ പങ്കാളിത്തം | 10 |
| 9 | വ്യക്തിഗത അസൈൻമെന്റ് | 100 |
| 10 | ഗ്രൂപ്പ് അസൈൻമെന്റ് | 80 |
| 11 | മറ്റ് കുട്ടികൾക്ക് പരിശീലനം നൽകൽ | 20 |
| 12 | സ്കൂളിലെ മറ്റ് ഐടി പ്രവർത്തനങ്ങളിലെ ഇടപെടൽ | 20 |
| | **ആകെ** | **500** |

4. യൂണിറ്റ് അംഗങ്ങളുടെ ഹാജർ, ക്യാമ്പിലെ പങ്കാളിത്തം, യൂണിറ്റിലെ മറ്റ് പ്രവർത്തനങ്ങൾ തുടങ്ങിയവ യഥാസമയം രേഖപ്പെടുത്തുന്നതിലും വിലയിരുത്തുന്നതിലും ചില യൂണിറ്റുകൾക്ക് പിശക് പറ്റിയതായി റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്. ഇത് അംഗങ്ങളുടെ ഗ്രേഡ് സർട്ടിഫിക്കറ്റിനെ ബാധിക്കുന്നതിനാൽ യൂണിറ്റിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിൽ കൈറ്റ് മാസ്റ്റർ/മിസ്ട്രസ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. പ്രവർത്തന കലണ്ടറിന്റേയും മൂല്യ നിർണയ സൂചകങ്ങളുടേയും സൂചന 2 അനുസരിച്ചുള്ള പ്രവർത്തന പദ്ധതി രൂപരേഖയിലെ മറ്റ് നിർദേശങ്ങളുടേയും അടിസ്ഥാനത്തിൽ യൂണിറ്റിലെ എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാ കൈറ്റ് മാസ്റ്റർ/മിസ്ട്രസ് മാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും പ്രഥമാധ്യാപകർ ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽകൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കാദമിക്/അക്കൗണ്ട്സ് വിഭാഗം
എല്ലാ മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ

| ലിറ്റിൽ കൈറ്റ്സ് പ്രവർത്തന കലണ്ടർ - 2024-25 | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | മാസം | പൊതു പ്രവർത്തനങ്ങൾ | എട്ടാം ക്ലാസ് ബാച്ച് | ഒൻപതാം ക്ലാസ് ബാച്ച് | പത്താം ക്ലാസ് ബാച്ച് |
| 1 | 2024 മെയ് | യൂണിറ്റ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, അംഗീകാരം മെയ് 15 - 25 | | | |
| 2 | ജൂൺ | ജില്ലാ കോ-ഓർഡിനേറ്റർമാരുടേയും ജില്ലാ ചുമതലക്കാരുടേയും യോഗം കൈറ്റ് മാസ്റ്റർമാരുടെ യോഗം (online) | അഭിരുചി പരീക്ഷ ജൂൺ - 15 | ക്ലാസ് 1 അനിമേഷൻ<br><br>ക്ലാസ് 2 അനിമേഷൻ | |
| 3 | ജൂലൈ | കൈറ്റ് മാസ്റ്റർമാരുടെ അവലോകന യോഗം | പ്രിലിമിനറി ക്യാമ്പ് July 6,13,20,27<br><br>ക്ലാസ് 1 ഹൈടെക് ഉപകരണ സജ്ജീകരണം | ക്ലാസ് 3 മൊബൈൽ ആപ്പ് നിർമ്മാണം<br><br>ക്ലാസ് 4 മൊബൈൽ ആപ്പ് നിർമ്മാണം | മറ്റു കുട്ടികൾക്കുള്ള റോബോട്ടിക് പരിശീലനം സ്റ്റേറ്റ് ക്യാമ്പ് |
| 4 | ആഗസ്റ്റ് | | ക്ലാസ് 2 ഗ്രാഫിക് ഡിസൈനിങ് | ക്ലാസ് 5 നിർമ്മിതബുദ്ധി<br><br>ക്ലാസ് 6 നിർമ്മിതബുദ്ധി | മറ്റു കുട്ടികൾക്കുള്ള റോബോട്ടിക് പരിശീലനം (തുടർച്ച..) |
| 5 | സെപ്റ്റംബർ | | ക്ലാസ് 3 ഗ്രാഫിക് ഡിസൈനിങ്<br><br>ക്ലാസ് 4 അനിമേഷൻ | ക്ലാസ് 7 നിർമ്മിതബുദ്ധി<br><br>സ്കൂൾ തല ക്യാമ്പ് | |
| 6 | ഒക്ടോബർ | കൈറ്റ് മാസ്റ്റർമാരുടെ അവലോകന യോഗം | ക്ലാസ് 5 അനിമേഷൻ<br><br>ക്ലാസ് 6 മലയാളം കമ്പ്യൂട്ടിങ് | ക്ലാസ് 8 ഇലക്ട്രോണിക്സ്<br><br>ക്ലാസ് 9 റോബോട്ടിക്സ്<br><br>ക്ലാസ് 10 റോബോട്ടിക്സ് | വ്യക്തിഗത അസൈൻമെന്റ് സമർപ്പണം |

| | | | | | |
|---|---|---|---|---|---|
| 7 | നവംബർ | | ക്ലാസ് 7 മലയാളം കമ്പ്യൂട്ടിങ്<br><br>ക്ലാസ് 8 മലയാളം കമ്പ്യൂട്ടിങ് | ക്ലാസ് 11 റോബോട്ടിക്സ്<br><br>ക്ലാസ് 12 റോബോട്ടിക്സ്<br><br>ക്ലാസ് 13 റോബോട്ടിക്സ്<br><br>ഉപജില്ലാ ക്യാമ്പ് | ഗ്രൂപ് അസൈൻമെന്റ് സമർപ്പണം |
| 8 | ഡിസംബർ | | ക്ലാസ് 9-13 മീഡിയ & ഡോക്യുമെന്റേഷൻ (ഒരു ശനിയാഴ്ച ) | ക്ലാസ് 14 റോബോട്ടിക്സ്<br><br>അടൽടിങ്കറിങ് ലാബ് സന്ദർശനം | |
| 9 | 2025 ജനുവരി | കൈറ്റ് മാസ്റ്റർമാരുടെ അവലോകന യോഗം | ക്ലാസ് 14 ബ്ലോക്ക് പ്രോഗ്രാമിങ് ക്ലാസ് 15 ബ്ലോക്ക് പ്രോഗ്രാമിങ് | ക്ലാസ് 15 ഡെസ്ക്ടോപ് പബ്ലിഷിങ്<br><br>ക്ലാസ് 16 ഡെസ്ക്ടോപ് പബ്ലിഷിങ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധപ്പെടുത്തൽ<br><br>ജില്ലാക്യാമ്പ് | HSCAP – പരിശീലനം |
| 10 | ഫെബ്രുവരി | | | ക്ലാസ് 17 ഡെസ്ക്ടോപ് പബ്ലിഷിങ്<br><br>കൈറ്റ് മികവുത്സവം | |